പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3311 14.10.2011-ൽ മറുപടിയ്ക്ക്

പെരുനാട് 33 കെ. വി. സബ് സ്റ്റേഷൻ.

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പെരുനാട് 33 കെ. വി സബ് സ്റ്റേഷൻെറ നിർമ്മാണം ആരംഭിച്ചത് എന്നാണ് ; ഇതിൻെറ നിർമ്മാണത്തിന് എത്ര രൂപയുടെ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; ഇതേവരെ എന്തൊക്കെ നിർമ്മാണങ്ങളാണ് ഇവിടെ പൂർത്തിയാക്കിയിട്ടുള്ളത് ; ഇതിന് ചെലവായ തുക എത്രയാണ് ; ഇനിയും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിക്കാനുള്ളത് ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കുമോ ; | (എ) | റാന്നി - പെരുനാട് 33 കെ. വി സബ് സ്റ്റേഷൻ നിർമ്മാണം 2008 - 2009-ൽ ആരംഭിച്ചു.<br>സബ്സ്റ്റേഷൻേറയും അനുബന്ധ 33 കെ. വി ലൈനിൻേറയും നിർമ്മാണത്തിനായി അഞ്ചു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.<br>സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. പത്തനംതിട്ട - റാന്നി പെരുനാട് 33 കെ. വി ലൈനിൻെറ നിർമ്മാണം 16 1/2 കി. മീ പൂർത്തീ കരിച്ചുകഴിഞ്ഞു.<br>ഇതിനായി ഏകദേശം 460 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>33 കെ. വി. ലൈൻ നിർമ്മാണം 2 കി. മീ. കൂടി പൂർത്തീകരിക്കാനുണ്ട്. ഇതിനായി ധൃതഗതിയിൽ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ; നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ ; എന്തൊക്കെ നടപടികളാണ് നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (ബി) | പ്രസ്തുത പദ്ധതി ഒരു മാസത്തിനകം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>പ്രതികൂല കാലാവസ്ഥയും ബുദ്ധിമുട്ടുള്ള ഭൂപ്രകൃതിയുമാണ് തടസ്സമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.